പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 320 19.02.13-ലെ മറുപടിയ്ക്ക്

# സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനോന്മുഖമായ പരിശീലന പരിപാടി

ചോദ്യം

ശ്രീ. കെ.മുരളീധരൻ

" വി.ഡി.സതീശൻ

" ഡൊമിനിക് പ്രസന്റേഷൻ

" ജോസഫ് വാഴക്കൻ

ഉത്തരം

ശ്രീ. ഉമ്മൻചാണ്ടി

(ബഹു.മുഖ്യമന്ത്രി)

| | | |
|---|---|---|
| (എ). | സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനോന്മുഖമായ പരിശീലന പരിപാടിക്ക് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (എ). കേരള സംസ്ഥാന പരിശീലന നയം അടിസ്ഥാനമാക്കി സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനവും കാര്യക്ഷമതയും മുൻ നിർത്തിയുള്ള വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ നിലവിൽ നടത്തി വരുന്നുണ്ട്. ഓരോ വകുപ്പിലേയും ഉദ്യോഗസ്ഥരുടെ പരിശീലനാവശ്യങ്ങൾ അവലോകനം ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ മൊഡ്യൂളുകൾ തയ്യാറാക്കിയാണ് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്. കാലാകാലങ്ങളിൽ വേണ്ടുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി പൊതു ഭരണത്തിലെ നൂതനമായ ആശയങ്ങളും പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തുന്നുണ്ട്. സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത് നൽകുന്ന ഇൻഡക്ഷൻ ട്രെയിനിംഗ്, സ്ഥാനക്കയറ്റത്തോടനുബന്ധിച്ചുള്ള പരിശീലനം, സ്പെഷ്യലൈസ്ഡ് ട്രെയിനിംഗ്, സോഫ്ട് സ്കിൽസ് ട്രെയിനിംഗ് എന്നിവയും ഇതിൽ ഉൾപ്പെടുന്നു. |
| (ബി) | പ്രസ്തുത ലക്ഷ്യം നേടുന്നതിനായി സംസ്ഥാന പരിശീലന നയം പരിഷ്ക്കരിക്കാനുദ്ദേശിക്കു-ന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) & (സി). ഉണ്ട് . 'സപ്തധാരാ പദ്ധതി' പ്രകാരം നിലവിലുള്ള പരിശീലന നയത്തിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യ പടിയായി അദ്ധ്യാപക ജീവനക്കാരിൽ നിന്നും ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | |

സെക്ഷൻ ആഫീസർ